"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജയിലുകൾ - സമാശ്വാസ തൊഴിൽദാന പദ്ധതി - അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, വനിത അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികകളുടെ വിദ്യാഭ്യാസ യോഗ്യത - വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ബി) വകുപ്പ്**

സ.ഉ.(കൈ) നം.**43/2026/HOME** തീയതി,തിരുവനന്തപുരം, **27-02-2026**

---

പരാമർശം:- **24.09.2025** തീയതിയിലെ സ.ഉ. (അച്ചടി) നം. **92/2025**/ആഭ്യന്തരം

**<u>ഉത്തരവ്</u>**

ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, വനിത അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികളിലേക്ക് നിയമനത്തിനായുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത 'പ്ലസ് ടു (ഹയർ സെക്കൻഡറി) പാസ് അഥവാ തത്തുല്യ യോഗ്യത' എന്ന് നിശ്ചയിച്ചുകൊണ്ട് പരാമർശിത ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**2.** ഈ ഉത്തരവിന്റെ പശ്ചാത്തലത്തിൽ, സമാശ്വാസതൊഴിൽദാനപദ്ധതി പ്രകാരം അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, വനിത അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികളിലേക്ക് നിയമനം ലഭിക്കുന്നതിന് അപേക്ഷകർക്കുണ്ടായിരിക്കേണ്ട അടിസ്ഥാനവിദ്യാഭ്യാസയോഗ്യതയും, പ്രാബല്യത്തീയതിയും സംബന്ധിച്ചും വ്യക്തത വരുത്തേണ്ടതുണ്ടെന്ന് കണ്ടതിനാൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ, **24.09.2025** തീയതിക്ക് മുൻപ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള കേസുകളിൽ പ്രസ്തുത തസ്തികകളിലേക്കുള്ള അടിസ്ഥാന വിദ്യാഭ്യാസയോഗ്യത, എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ യോഗ്യത ആയും **24.09.2025**-നോ അതിന് ശേഷമോ അപേക്ഷ സമർപ്പിച്ചിട്ടുള്ള കേസുകളിൽ പ്ലസ് ടു (ഹയർ സെക്കൻഡറി) പാസ് അഥവാ തത്തുല്യ യോഗ്യത ആയും നിശ്ചയിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്,

തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.

പൊതുഭരണ (സർവ്വീസസ് -ഡി) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Ratheesh G R

Date: 28-02-2026 11:33:47

സെക്ഷൻ ഓഫീസർ